# PSC Attender - Ksidc Ltd Examination Previous Year Question Paper

***Exam Name:*** ***Attender - Ksidc Ltd***

***Date of Test : 11.04.2015***

***Question Paper Code: 058/2015***

***Medium of Questions: Malayalam***

PSCNET.in

**58/2015-M**

Maximum : 100 marks

Time : 1 hour and 15 minutes

1. 2013 നവംബർ മാസം ആദ്യം ഫിലിപ്പിൻസിൽ വൻദുരന്തം വിതച്ച കൊടുങ്കാറ്റിന്റെ പേരെന്താണ്?
   (A) ഹായ്യാൻ (B) കത്രീന
   (C) ഐവാൻ (D) ഫെയിലിൻ

2. പേരയ്ക്ക, സപ്പോട്ട, മധുരക്കിഴങ്ങ്, ചോളം, വാനില, തക്കാളി എന്നിവയുടെയെല്ലാം ജന്മദേശം ഏതു രാജ്യമാണ്?
   (A) പോർച്ചുഗീസ് (B) സ്പെയിൻ
   (C) മെക്സിക്കോ (D) ക്യൂബ

3. ശരീരത്തിലെ വിഷപദാർത്ഥങ്ങളെ നിർവീര്യമാക്കി പുറംതള്ളുന്ന അവയവം ഏതാണ്?
   (A) വൃക്ക (B) ഹൃദയം
   (C) രക്തക്കുഴൽ (D) പാൻക്രിയാസ്

4. 'ജീവിക്കുന്ന ഫോസിൽ' വനങ്ങളായി വിശേഷിപ്പിക്കുന്ന വനങ്ങളേതാണ്?
   (A) ഇല കൊഴിയും വനങ്ങൾ (B) സൂചിശാഗ്രിത വനങ്ങൾ
   (C) ഹരിത വനങ്ങൾ (D) ചോല വനങ്ങൾ

5. കടലിന്റെ നീലനിറത്തിന്റെ കാരണം ആദ്യമായി വിശദീകരിച്ച ശാസ്ത്രജ്ഞൻ ആരാണ്?
   (A) ജെ.സി. ബോസ് (B) ഐൻസ്റ്റീൻ
   (C) റൊണാൾഡ് റോസ് (D) സി.വി. രാമൻ

6. 'അന്താരാഷ്ട്ര ഓസോൺ' ദിനമായി ആചരിക്കുന്നത് ഏത് ദിവസമാണ്?
   (A) സെപ്റ്റംബർ 21 (B) സെപ്റ്റംബർ 16
   (C) സെപ്റ്റംബർ 27 (D) ആഗസ്റ്റ് 29

7. ഗൂർഖാലാന്റ് സംസ്ഥാനം രൂപീകരിക്കണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭം നടക്കുന്നത് ഏതു സംസ്ഥാനത്താണ്?
   (A) പശ്ചിമബംഗാൾ (B) ബീഹാർ
   (C) ആസ്സാം (D) നാഗാലാന്റ്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

8. ഡോ. സലിം അലി ഏതു മേഖലയിലെ പ്രസിദ്ധനായ വ്യക്തിയാണ്?
   (A) വാനനിരീക്ഷണം
   (B) സമുദ്രപര്യവേഷണം
   (C) പ്രകൃതി ശാസ്ത്രജ്ഞൻ
   (D) പക്ഷിനിരീക്ഷണം

9. പുതുതായി പ്രഖ്യാപിക്കപ്പെട്ട 'സത്യമംഗലം' കടുവസങ്കേതം ഏതു സംസ്ഥാനത്താണ്?
   (A) തമിഴ്നാട്
   (B) കേരളം
   (C) കർണ്ണാടകം
   (D) മഹാരാഷ്ട്ര

10. വിവരാവകാശ നിയമം നിലവിൽ വന്ന വർഷം :
   (A) 2003
   (B) 2001
   (C) 2005
   (D) 2004

11. കേരള സർക്കാരിന്റെ പ്രഥമ സ്വാതി സംഗീത പുരസ്ക്കാരം ലഭിച്ച സംഗീതജ്ഞൻ ആരായിരുന്നു?
   (A) എം.എസ്. സുബ്ബലക്ഷ്മി
   (B) യേശുദാസ്
   (C) വി. ദക്ഷിണാമൂർത്തി
   (D) ശെമ്മാങ്കുടി ശ്രീനിവാസ അയ്യർ

12. ഇന്ത്യയുടെ ചൊവ്വ പര്യവേഷണ വാഹനമായ മംഗൾയാൻ നിക്ഷേപിച്ച ദിവസം ഏതാണ്?
   (A) ഒക്ടോബർ 30, 2013
   (B) നവംബർ 5, 2013
   (C) നവംബർ 10, 2013
   (D) ഒക്ടോബർ 22, 2013

13. 2020-ലെ ഒളിമ്പിക്സ് നടക്കുന്നത് ലോകത്തിലെ ഏത് പ്രസിദ്ധ നഗരത്തിലാണ്? (രണ്ടാമത്തെ തവണയാണ് ആ നഗരം ഒളിമ്പിക്സിന് വേദിയാകുന്നത്) :
   (A) ടോക്കിയോ
   (B) ന്യൂയോർക്ക്
   (C) മോസ്ക്കോ
   (D) ജനീവ

14. 'വാഗ്ഭടാനന്ദന്റെ ജന്മസ്ഥലം കണ്ണൂർ ജില്ലയിലാണ്' എവിടെയാണ്?
   (A) കൂത്തുപറമ്പ്
   (B) തലശ്ശേരി
   (C) പാട്യം
   (D) പയ്യന്നൂർ

15. ഗുരുവായൂർ സത്യാഗ്രഹസമരത്തിന്റെ വളണ്ടിയർ ക്യാപ്റ്റൻ ആരായിരുന്നു?
   (A) കെ. കേളപ്പൻ
   (B) പി. കൃഷ്ണപിള്ള
   (C) സി. ഉണ്ണിരാജ
   (D) എ.കെ. ഗോപാലൻ

16. കേരളത്തിലെ പുലയർക്ക് വഴി നടക്കാനും സ്കൂളിൽ പ്രവേശനം ലഭിക്കാനും വേണ്ടി തിരുവിതാംകൂറിൽ കർഷകത്തൊഴിലാളികളുടെ പണിമുടക്കം സംഘടിപ്പിച്ചതാരാണ്?
   (A) വി.എസ്. അച്യുതാനന്ദൻ
   (B) സി.കെ. കുമാരപണിക്കർ
   (C) അയ്യങ്കാളി
   (D) പണ്ഡിറ്റ് കറുപ്പൻ



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

17. S.N.D.P. യുടെ നേതൃത്വത്തിലുണ്ടായിരുന്ന സുപ്രസിദ്ധ കവിയായിരുന്നു :

(A) കുമാരനാശാൻ (B) ചങ്ങമ്പുഴ

(C) വള്ളത്തോൾ (D) ഉള്ളൂർ

18. ലോക മലാല ദിനമായി ആചരിക്കുന്നത് ഏതു ദിവസമാണ്?

(A) ജൂൺ 13 (B) ജൂലൈ 12

(C) ആഗസ്റ്റ് 17 (D) മെയ് 14

19. താജ്മഹൽ സ്ഥിതിചെയ്യുന്നത് എവിടെയാണ്?

(A) ഡൽഹി (B) മീററ്റ്

(C) ഔട്ടർ ഡൽഹി (D) ആഗ്ര

20. 2012-ലെ ലണ്ടൻ ഒളിമ്പിക്സിൽ മെഡൽ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം എത്രയായിരുന്നു?

(A) 50-ാം സ്ഥാനം (B) 55-ാം സ്ഥാനം

(C) 48-ാം സ്ഥാനം (D) 51-ാം സ്ഥാനം

21. 'മിനറൽ ഓയിൽ' എന്തിൽ നിന്നാണ് വേർതിരിച്ചെടുക്കുന്നത്?

(A) പെട്രോളിയം ഉല്പന്നം (B) നിലക്കടല

(C) നാളികേരം (D) സോയാബീൻ

22. ഇന്ത്യൻ ഓഹരി വിപണിയുടെ നിയന്ത്രകനായ സെക്യൂരിറ്റി എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യക്ക് (SEBI) 2013-ൽ 25 വയസ്സ് തികഞ്ഞു. ഇതിന്റെ ആസ്ഥാനം എവിടെയാണ്?

(A) ഡൽഹി (B) മുംബൈ

(C) ഹൈദരാബാദ് (D) ചെന്നൈ

23. മുസ്ലീം സമുദായത്തിനിടയിൽ നവോത്ഥാന പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തതാരാണ്?

(A) മൊയ്തു മൗലവി (B) വക്കം അബ്ദുൾ ഖാദർ

(C) സീതിഹാജി (D) അബു ഖാദർ കുട്ടി നഹ

24. നായർ സർവ്വീസ് സൊസൈറ്റി സ്ഥാപിക്കാൻ മുൻകൈ എടുത്ത നേതാവ് :

(A) മന്നത്ത് പത്മനാഭൻ (B) കെ.ജി.ആർ. കർത്ത

(C) സുകുമാരൻ നായർ (D) എം.എൻ. ഗോവിന്ദൻ നായർ

25. 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്' എന്ന നാടകം രചിച്ചതാരാണ്?

(A) പ്രേംജി (B) എം.ആർ.ബി.

(C) ഐ.സി.പി. നമ്പൂതിരി (D) വി.ടി. ഭട്ടതിരിപ്പാട്



Join PSC WhatsApp Broadcast List : 90747 20773

26. താഴെപ്പറയുന്നവരിൽ ആരാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യ രൂപീകരണ യോഗത്തിൽ പങ്കെടുത്തത്?

(A) സി. അച്യുത മേനോൻ (B) എ.കെ.ജി.
(C) ഇ.എം.എസ്. (D) ടി.വി. തോമസ്സ്

27. "സംഘടനകൊണ്ട് ശക്തരാകൂ വിദ്യകൊണ്ട് പ്രബുദ്ധരാകൂ" എന്ന സന്ദേശം ആരാണ് നൽകിയത്?

(A) ഡോ. പൽപ്പു (B) ശ്രീനാരായണ ഗുരു
(C) സഹോദരൻ അയ്യപ്പൻ (D) ആർ. ശങ്കർ

28. 'ഇന്ത്യയുടെ തേയിലത്തോട്ടം' എന്ന പേരിലറിയപ്പെടുന്ന സംസ്ഥാനം :

(A) ആസ്സാം (B) മേഘാലയ
(C) കേരളം (D) ഹിമാചൽ പ്രദേശ്

29. കേരള സംസ്ഥാനം നിലവിൽ വന്ന വർഷവും തീയ്യതിയും കൃത്യമായി എഴുതുക :

(A) 1956 നവംബർ 14 (B) 1950 നവംബർ 1
(C) 1956 നവംബർ 1 (D) 1956 നവംബർ 16

30. ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ സുപ്രസിദ്ധ കൃതിയേതാണ്?

(A) ഇന്ത്യൻ ഫിലോസഫി (B) മൈ പ്രസിഡൻഷ്യൽ ഇയേസ്
(C) ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക് (D) അഗ്നിച്ചിറകുകൾ

31. 'സജ്ജു വിശ്വനാഥ് സാംസൺ' ഏതു കായിക മേഖലയിൽ പ്രശസ്തനായ കേരളീയനാണ്?

(A) വോളിബോൾ (B) ക്രിക്കറ്റ്
(C) ഹോക്കി (D) നീന്തൽ

32. ഇന്ത്യയിലെ ആദ്യത്തെ വനിതാ പോസ്റ്റ് ഓഫീസ് എവിടെയാണ് സ്ഥാപിച്ചത്?

(A) ഡൽഹി (B) കൊൽക്കത്ത
(C) മദ്രാസ് (D) ബാംഗ്ലൂർ

33. 'ബാലവേല നിരോധന നിയമം' നിലവിലുള്ള രാജ്യമാണ് ഇന്ത്യ. എത്ര വയസ്സിനു താഴെയുള്ള കുട്ടികളാണ് നിയമത്തിന്റെ പരിധിയിൽ വരുന്നത്?

(A) 15 വയസ്സ് (B) 16 വയസ്സ്
(C) 14 വയസ്സ് (D) 17 വയസ്സ്

34. 'പോരാടുക അല്ലെങ്കിൽ മരിക്കുക' ആരുടെ മുദ്രാവാക്യമാണിത്?

(A) ഗാന്ധിജി (B) നെഹ്റു
(C) സുഭാഷ് ചന്ദ്രബോസ് (D) ഭഗത്സിംഗ്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

35. പഞ്ചശില തത്വങ്ങളിൽ ഒപ്പുവെച്ച ഇന്ത്യൻ പ്രധാനമന്ത്രി ആരാണ്?

(A) ജവഹർലാൽ നെഹ്റു
(B) വി.പി. സിംഗ്
(C) ലാൽ ബഹദൂർ ശാസ്ത്രി
(D) ഇന്ദിരാഗാന്ധി

36. തെക്കു പടിഞ്ഞാറൻ ദിക്കിൽ നിന്നും വരുന്ന കാലവർഷത്തിന്റെ പേര് 'മൺസൂൺ' എന്നാണ്. ഇങ്ങനെ വിശേഷിപ്പിച്ചതാരാണ്?

(A) പേർഷ്യക്കാർ
(B) പോർച്ചുഗീസുകാർ
(C) അറബികൾ
(D) സിറിയക്കാർ

37. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രിയുടെ പേരെന്താണ്?

(A) ജോസഫ് മുണ്ടശ്ശേരി
(B) ടി.വി. തോമസ്സ്
(C) വി.ആർ. കൃഷ്ണയ്യർ
(D) എം.ആർ. മേനോൻ

38. പഴശ്ശിയുടെ സഹപോരാളിയ്ക്ക് വയനാട്ടിലെ പനമരത്ത് സ്മാരകം നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത പോരാളിയുടെ പേരെന്താണ്?

(A) കൈതേരി അമ്പു നമ്പ്യാർ
(B) തലയ്ക്കൽ ചന്തു
(C) എടച്ചന കുങ്കൻ
(D) ഇവരാരുമല്ല

39. 'സെപ്റ്റംബർ 5' അദ്ധ്യാപക ദിനമാണ്. ആരുടെ ജന്മദിനമാണിത്?

(A) ഡോ. രാജേന്ദ്രപ്രസാദ്
(B) ഡോ. സക്കീർ ഹുസൈൻ
(C) ഡോ. അംബേദ്കർ
(D) ഡോ. എസ്. രാധാകൃഷ്ണൻ

40. വോട്ട് ചെയ്തു കഴിഞ്ഞാൽ വിരലിൽ പുരട്ടുന്ന മഷിയിൽ അടങ്ങിയിരിക്കുന്ന രാസവസ്തു :

(A) മഗ്നീഷ്യം സൾഫേറ്റ്
(B) അലുമിനിയം സൾഫേറ്റ്
(C) ബേറിയം ക്ലോറൈഡ്
(D) സിൽവർ നൈട്രേറ്റ്

41. ശരീരത്തിലെത്തുന്ന വിറ്റാമിനുകളെയും ധാതുലവണങ്ങളെയും ഇരുമ്പിന്റെ അംശങ്ങളെയും സംഭരിച്ചു വെയ്ക്കുന്ന അവയവം ഏതാണ്?

(A) കരൾ
(B) വൃക്ക
(C) ത്വക്ക്
(D) ആമാശയം

42. മരുഭൂമിയിൽ മണൽ ശേഖരിച്ചു നിക്ഷേപിക്കുന്നതിൽ പ്രധാനപ്പെട്ട പങ്കു വഹിക്കുന്നത് :

(A) മഴ
(B) നദി
(C) മഞ്ഞ്
(D) കാറ്റ്



Join PSC WhatsApp Broadcast List : 90747 20773

43. 'ആലീസ് അത്ഭുത ലോകത്തിൽ' എന്ന ബാലസാഹിത്യ കൃതിയുടെ രചയിതാവ് ആരാണ്?

(A) ജോനാഥൻ സ്വിഫ്റ്റ്
(B) വാൾട്ടർ സിഡ്നി
(C) ജെ.കെ. റോളിങ്ങ്
(D) ലൂയി കരോൾ

44. കയ്യൂർ സമരം കേരളത്തിലെ സ്വാതന്ത്ര്യസമരചരിത്രത്തിലെ പ്രധാനപ്പെട്ട സംഭവമാണ്. 'കയ്യൂർ' ഏതു ജില്ലയിലാണ്?

(A) വയനാട്
(B) കണ്ണൂർ
(C) കാസർഗോഡ്
(D) കോഴിക്കോട്

45. കേരളത്തിലെ ആറാമത്തെ സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിച്ചതെവിടെയാണ്?

(A) മഞ്ചേശ്വരം
(B) മാനന്തവാടി
(C) വടകര
(D) മഞ്ചേരി

46. രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയുടെ മിനിമം പ്രായം എത്രയാണ്?

(A) 30 വയസ്സ്
(B) 35 വയസ്സ്
(C) 36 വയസ്സ്
(D) 25 വയസ്സ്

47. താഴെപ്പറയുന്നതിൽ ജനാധിപത്യത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഉൾപ്പെടാത്തവ ഏതാണ്?

(A) പ്രായപൂർത്തി വോട്ടവകാശം
(B) സമത്വം
(C) സ്വത്ത് സമ്പാദനം
(D) അഭിപ്രായസ്വാതന്ത്ര്യം

48. 'നാഷണൽ ലീഗ് ഫോർ ഡമോക്രസി' ഏതു രാജ്യത്തെ രാഷ്ട്രീയ പാർട്ടിയാണ്?

(A) നേപ്പാൾ
(B) മ്യാൻമർ
(C) ഭൂട്ടാൻ
(D) ബംഗ്ലാദേശ്

49. 2013-ൽ രാസായുധ പ്രയോഗത്തിലൂടെ ആയിരങ്ങൾ മരണപ്പെട്ട പശ്ചിമേഷ്യൻ രാജ്യം :

(A) ഇറാൻ
(B) ഈജിപ്ത്
(C) സിറിയ
(D) ഇറാക്ക്

50. കമ്പ്യൂട്ടർ രംഗത്തെ കണ്ടുപിടുത്തത്തിന് പ്രശസ്തനായ ഡഗ്ലസ് എംഗൽ ബർട്ട് അടുത്ത കാലത്ത് അന്തരിച്ചു. ഏതു കണ്ടുപിടുത്തത്തിനാണ് അദ്ദേഹം പ്രശസ്തനായത്?

(A) പെൻഡ്രൈവ്
(B) മൗസ്
(C) യു.പി.എസ്.
(D) സി.പി.യു.

51. 'ഹരിതവാതകം' എന്നറിയപ്പെടുന്ന വാതകം :

(A) ഓക്സിജൻ
(B) ആർഗൺ
(C) കാർബൺ ഡൈ ഓക്സൈഡ്
(D) ഹൈഡ്രജൻ



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

52. ഒരു ക്വയർ എത്ര എണ്ണമാണ്?

(A) 2 എണ്ണം
(B) 12 എണ്ണം
(C) 20 എണ്ണം
(D) 24 എണ്ണം

53. ഭൂമിയുടെ വിസ്തൃതിയിൽ എത്ര ശതമാനമാണ് ജലം?

(A) 50 ശതമാനം
(B) 60 ശതമാനം
(C) 75 ശതമാനം
(D) 40 ശതമാനം

54. താഴെപ്പറയുന്നതിൽ എസ്.കെ. പൊറ്റക്കാടിന്റെ നോവൽ ഏതാണ്?

(A) സുന്ദരന്മാരും സുന്ദരികളും
(B) ഒരു തെരുവിന്റെ കഥ
(C) അയൽക്കാർ
(D) മഞ്ഞ്

55. 'കറുത്ത പൊന്ന്' എന്നറിയപ്പെടുന്ന സുഗന്ധ ദ്രവ്യങ്ങളുടെ രാജാവ് ഏതാണ്?

(A) ഇഞ്ചി
(B) കുരുമുളക്
(C) ഏലം
(D) ഗ്രാമ്പൂ

56. ഒരു വർഷത്തിൽ എത്ര ആഴ്ചകളുണ്ട്?

(A) 54
(B) 48
(C) 56
(D) 52

57. ചായപ്പാത്രത്തിന് ഗോളാകൃതിയാണ് അഭികാമ്യം കാരണമെന്താണ്?

(A) താപനഷ്ടം വർദ്ധിപ്പിക്കാൻ
(B) താപനഷ്ടം കുറയ്ക്കാൻ
(C) ചായയുടെ സ്വാദിന്
(D) ഇവയൊന്നുമല്ല

58. 'ഇന്ത്യയിൽ സ്റ്റാറ്റിസ്റ്റിക്സ്' എന്ന വിജ്ഞാനശാഖ വളർത്തിയെടുക്കുന്നതിൽ പ്രധാനപ്പെട്ട പങ്കു വഹിച്ച വ്യക്തിയാരാണ്?

(A) ഡോ. രാജാരാമണ്ണ
(B) അമർത്യാസെൻ
(C) പ്രശാന്ത ചന്ദ്രമഹലാനോബിസ്
(D) കെ.എൻ. രാജ്

59. ഒരു ദിവസം എത്ര തവണ സമുദ്രജലം ഉയരുകയും താഴുകയും ചെയ്യും?

(A) ഒരു തവണ
(B) നാലു തവണ
(C) രണ്ട് തവണ
(D) അഞ്ച് തവണ

60. കേരളത്തിൽ പതിനാല് ജില്ലകളാണുള്ളത്. അതെപോലെ തന്നെ താഴെപ്പറയുന്ന ഏതു സംസ്ഥാനത്താണ് പതിനാല് ജില്ലകളുള്ളത്?

(A) തമിഴ്നാട്
(B) കാശ്മീർ
(C) ആന്ധ്രാപ്രദേശ്
(D) കർണ്ണാടകം



Join PSC WhatsApp Broadcast List : 90747 20773

61. താഴെപ്പറയുന്നവയിൽ ഏതാണ് രാമാനുജ സംഖ്യ എന്നറിയപ്പെടുന്നത്?

(A) 1279
(B) 1729
(C) 7921
(D) 9712

62. 30 മുതൽ 50 വരെയുള്ള എണ്ണൽസംഖ്യകളുടെ തുക എന്ത്?

(A) 840
(B) 1275
(C) 435
(D) ഇതൊന്നുമല്ല

63. $\sqrt{0.01 \times 0.0064}$ ന്റെ വില എത്ര?

(A) 0.008
(B) 0.8
(C) 0.08
(D) 0.0008

64. ഒരു ജോലി 18 ആളുകൾ 30 ദിവസം കൊണ്ട് ചെയ്ത് തീർക്കുന്നു. ആ ജോലി 20 ദിവസം കൊണ്ട് ചെയ്ത് തീർക്കണമെങ്കിൽ എത്ര ആളുകൾ വേണം?

(A) 15
(B) 30
(C) 27
(D) 20

65. രണ്ടു സംഖ്യകളുടെ ശരാശരി 9.5 അവയുടെ വ്യത്യാസം 9.5 എങ്കിൽ ഏറ്റവും ചെറിയ സംഖ്യ ഏത്?

(A) 9.5
(B) 19
(C) 4.75
(D) 3.75

66. $2^7 - 2^6$ ന്റെ വില എന്ത്?

(A) 2
(B) 32
(C) 16
(D) 64

67. താഴെപ്പറയുന്നവയിൽ ഏത് ബഹുഭുജത്തിന്റെ ആന്തരകോണുകളുടെ തുകയാണ് 360 ആകുന്നത്?

(A) ചതുർഭുജം
(B) ത്രികോണം
(C) ഷഡ്ഭുജം
(D) പഞ്ചഭുജം

68. ഏറ്റവും വലിയ മൂന്നക്ക സംഖ്യയും ഏറ്റവും ചെറിയ മൂന്നക്ക സംഖ്യയും തമ്മിലുള്ള വ്യത്യാസം എത്ര?

(A) 1
(B) 899
(C) 800
(D) 100

69. $10 + 15 \div 5 \times 4$ ന്റെ വില എത്ര?

(A) 22
(B) 20
(C) 125
(D) ഇവയൊന്നുമല്ല

70. 300 നും 500 നും ഇടയിലുള്ള 7 ന്റെ ഗുണിതങ്ങളുടെ എണ്ണം എത്ര?

(A) 27
(B) 28
(C) 29
(D) ഇതൊന്നുമല്ല



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

71. താഴെപ്പറയുന്ന ഏത് ഘനരൂപത്തിനാണ് 2 മുഖങ്ങളുള്ളത്?
(A) ഗോളം
(B) സിലിണ്ടർ
(C) വൃത്തസ്തൂപിക
(D) ക്യൂബ്

72. ഒരു വൃത്തത്തിന്റെ ആരം 2 മടങ്ങാക്കിയാൽ അതിന്റെ പരപ്പളവ് എത്ര മടങ്ങാകും?
(A) 4 മടങ്ങ്
(B) 2 മടങ്ങ്
(C) 8 മടങ്ങ്
(D) മാറ്റമുണ്ടാകില്ല

73. ഒരു ക്യൂബിന്റെ ഒരു വശം 8 cm ആയാൽ അതിന്റെ വ്യാപ്തം എന്ത്?
(A) $8^2$
(B) $8^3$
(C) $6\times8$
(D) $6\times8^2$

74. $8\frac{1}{3}\div\frac{25}{6}$ എത്ര?
(A) $\frac{8}{25}$
(B) 25
(C) 4
(D) 2

75. $3^0$ ന്റെ വില എത്ര?
(A) 3
(B) 1
(C) 0
(D) ഇതൊന്നുമല്ല

76. 25,000 രൂപ 8% പലിശനിരക്കിൽ ഇരട്ടിക്കുന്നതിന് എത്ര വർഷം വേണ്ടിവരും?
(A) 10
(B) $12\frac{1}{2}$
(C) 8
(D) ഇതൊന്നുമല്ല

77. ഒരു മട്ടത്രികോണത്തിന്റെ കർണ്ണം $a$ യും ലംബം $b$ യും ആയാൽ പാദം എത്ര ആയിരിക്കും?
(A) $a+b$
(B) $\sqrt{a^2+b^2}$
(C) $\sqrt{a^2-b^2}$
(D) $\sqrt{a+b}$

78. $(\sqrt{3}\times\sqrt{3})^2$ എത്ര?
(A) 9
(B) $\sqrt{9}$
(C) 81
(D) ഇതൊന്നുമല്ല

79. 1, 8, 27, 64 ..... എന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏത്?
(A) 124
(B) 126
(C) 425
(D) 125

80. ഒരു വൃത്തത്തിലെ ഏറ്റവും വലിയ ഞാൺ താഴെപ്പറയുന്നവയിൽ ഏതാണ്?
(A) ആരം
(B) തൊടുവര
(C) ചാപം
(D) വ്യാസം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

81. ഒറ്റപ്പെട്ടത് ഏത്?

(A) 15 (B) 17

(C) 30 (D) 45

82. തന്നിരിക്കുന്നവയിൽ ചെറുതേത്?

(A) –10 (B) 2

(C) 5 (D) –6

83. 0.5 ന്റെ ഭിന്നരൂപം :

(A) $\frac{2}{10}$ (B) $\frac{5}{10}$

(C) $\frac{5}{100}$ (D) $\frac{1}{5}$

84. തന്നിരിക്കുന്നവയിൽ വലുതേത്?

(A) $\frac{2}{5}$ (B) $\frac{5}{10}$

(C) $\frac{4}{5}$ (D) $\frac{9}{10}$

85. 2 ന്റെ 5 മടങ്ങിനോട് 4 കൂട്ടിയാൽ എത്ര?

(A) 11 (B) 7

(C) 14 (D) 9

86. ഒരു വൃത്തത്തിന്റെ ആരം 4 സെ.മീ. ആയാൽ വ്യാസം എന്ത്?

(A) 2 സെ.മീ. (B) 4 സെ.മീ.

(C) 8 സെ.മീ. (D) 10 സെ.മീ.

87. അച്ഛന്റെ പ്രായത്തിന്റെ പകുതിയിൽ നിന്ന് 6 കുറച്ചതാണ് മകന്റെ പ്രായം. മകന് 24 വയസ്സാണ്. അച്ഛന്റെ പ്രായം എത്രയാണ്?

(A) 60 (B) 54

(C) 48 (D) 44



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

88. 2,000 രൂപയുടെ 10 ശതമാനം എന്ത്?

(A) 100 (B) 200

(C) 10 (D) 20

89. ഒരു സംഖ്യയുടെ 10 ശതമാനത്തിന്റെ 20 ശതമാനം 10 എങ്കിൽ സംഖ്യ ഏത്?

(A) 100 (B) 50

(C) 1000 (D) 500

90. $21 - 3 \div 3 + 6 \times 4$ ന്റെ വില എന്ത്?

(A) 48 (B) 8

(C) 30 (D) 44

91. 5, 8, 11, ——, 17, ...... ശ്രേണിയിലെ വിട്ട സംഖ്യ ഏത്?

(A) 12 (B) 13

(C) 14 (D) 15

92. 1,000 രൂപയുടെ സാധനം 10 ശതമാനം വില കൂട്ടി, പിന്നീട് 10 ശതമാനം വില കുറച്ച് വിറ്റാൽ കിട്ടുന്ന വില :

(A) 990 (B) 900

(C) 1000 (D) 1100

93. $\frac{1}{4}$ ന്റെ ദശാംശരൂപം :

(A) 0.4 (B) 0.04

(C) 0.25 (D) 0.5

94. 12, 24 ന്റെ ല.സാ.ഗു. :

(A) 24 (B) 12

(C) 6 (D) 18



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

95. $2^3 \times 2^2$ ന് തുല്യമായത് :

(A) $2^6$
(B) $4^5$
(C) $4^6$
(D) $2^5$

96. പെൻസിലിന്റെ വിലയുടെ 3 മടങ്ങാണ് പേനയുടെ വില. പെൻസിലിന് 8 രൂപയാണെങ്കിൽ പേനയുടെ വില എന്ത്?

(A) 24
(B) 11
(C) 5
(D) 14

97. ഒരു ചതുരത്തിന്റെ വീതി 10 സെ.മീ., വിസ്തീർണ്ണം 200 ചതുരശ്ര. സെ.മീ. ആയാൽ നീളം :

(A) 10
(B) 15
(C) 20
(D) ഇതൊന്നുമല്ല

98. ഒരു സമചതുരത്തിന്റെ വിസ്തീർണ്ണം 64 ചതുരശ്ര സെന്റീമീറ്റർ ആയാൽ ഒരു വശം :

(A) 12
(B) 8
(C) 6
(D) 4

99. കൂട്ടത്തിൽപ്പെടാത്തത് ഏത്?

(A) 2, 5, 8
(B) 4, 8, 12
(C) 8, 13, 18
(D) 12, 15, 19

100. $20 - 4 = A - 8$ ആയാൽ $A$ യുടെ സ്ഥാനത്ത് വരുന്ന സംഖ്യ ഏത്?

(A) 16
(B) 24
(C) 20
(D) 12



Join PSC WhatsApp Broadcast List : 90747 20773